1. ഇ.ബി. XIII-കേരള നിയമസഭ/XI-4

# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂൺ 12, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## തിരുത്തിയ ഉത്തരം

### നക്ഷത്രചിഹ്നമിടാത്ത 4261, 5675 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 4261, 5675 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം വിദ്യാഭ്യാസ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## അടിയന്തര പ്രമേയം

### അപ്രഖ്യാപിത ലോഡ്ഷെഡ്ഡിംഗും പവർകട്ടും

മി. സ്പീക്കർ: പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ ലോഡ്ഷെഡ്ഡിംഗും പവർ-കട്ടും ഏർപ്പെടുത്തിയിരിക്കുന്നതുമൂലം വ്യാവസായിക-കാർഷിക മേഖലയെയാകെ തകർച്ചയിലാക്കുകയും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെത്തന്നെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ.കെ. ബാലൻ, വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സംസ്ഥാനത്തിന് ആവശ്യ-മുള്ള 3800 മെഗാവാട്ട് വൈദ്യുതിയിൽ 1700 മെഗാവാട്ട് വൈദ്യുതി ഇവിടെ ഉൽപ്പാ-ദിപ്പിക്കുകയും ബാക്കിയുള്ളത് അന്യസംസ്ഥാനത്തുനിന്ന് വാങ്ങുകയുമാണ് ചെയ്യുന്ന-ത്. താൽച്ചർ വൈദ്യുതനിലയത്തിലെ ആന്വൽ മെയിന്റനൻസും ശബരിഗിരി പ്രോജക്ടിലെ മെയിന്റനൻസും കൂടംകുളം വൈദ്യുത നിലയത്തിൽനിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ അളവ് കുറഞ്ഞതുംകൊണ്ടാണ് പവർകട്ടും ലോഡ്ഷെഡ്ഡിംഗും

ഏർപ്പെടുത്തേണ്ടിവന്നത്. കൂടാതെ രാമഗുണ്ടം നിലയത്തിലെ 64 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു യന്ത്രം തകരാറായതും കായംകുളം താപവൈദ്യുത-നിലയത്തിലെ 170 മെഗവാട്ട് ഉൽപ്പാദിപ്പിക്കുന്ന മെഷീൻ ട്രിപ്പായതും പ്രതീ-ക്ഷിച്ച മഴ ലഭിക്കാത്തതും ഊർജ്ജപ്രതിസന്ധിക്ക് കാരണമായി. അപ്രതീക്ഷിതമാ-യ കാറ്റും ഇടിമിന്നലുംമൂലമാണ് അപ്രഖ്യാപിത ലോഡ്ഷെഡ്ഡിംഗ് വേണ്ടിവരുന്നത്. മഴ കൂടുതൽ ലഭ്യമാകുന്നതിനനുസരിച്ചും ശബരിഗിരി പ്രോജക്ടിന്റെ മെയിന്റനൻസ് പൂർത്തിയാകുന്ന മുറയ്ക്കും ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കാൻ സാധിക്കുന്നതാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ ലോഡ്ഷെ-ഡ്ഡിംഗും പവർകട്ടും വൈദ്യുതിയുടെ താരിഫ് വർദ്ധനയും ഗാർഹിക ഉപഭോക്താ-ക്കളെയും ചെറുകിട -വൻകിട- വ്യവസായങ്ങളെയും പ്രതികൂലമായി ബാധിക്കുകയും തൊഴിൽമേഖലകളിൽ ഗുരുതരമായ പ്രതിസന്ധി ഉളവാക്കുകയും ചെയ്തിരിക്കുകയാ-ണ്. വൈദ്യുതനിലയങ്ങളുടെ യന്ത്രത്തകരാറുകളും വരൾച്ചയുമാണ് ഊർജ്ജപ്ര-തിസന്ധിക്ക് കാരണമെന്ന് പറയുന്നത് ശരിയല്ല. ഇത്തരം പ്രശ്നങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടും പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തി-യിരുന്നില്ല. പ്ലാനിംഗിൽ ഉണ്ടായ ഗുരുതരമായ വീഴ്ചയാണ് സംസ്ഥാനത്തെ ഊർ-

ജ്ജപ്രതിസന്ധിക്ക് കാരണമായതെന്നാണ് സി.ആന്റ് എ.ജി.യും റെഗുലേറ്ററി കമ്മീഷനും പറയുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ സാങ്കേതികപ്രശ്നങ്ങളെക്കുറിച്ച് പരിശോധിക്കണം. വിവിധ വൈദ്യുതോൽപ്പാദന പദ്ധതികളുടെ നിർമ്മാണം സ്തംഭനാവസ്ഥയിലായതും കഴിഞ്ഞ സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികൾ അട്ടിമറിക്കപ്പെട്ടതും കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആവിഷ്ക്കരിച്ച കരാർ റദ്ദാക്കിയതും പുറത്തുന്നിന്ന് വൈദ്യുതി എത്തിക്കാനാവശ്യമായ പ്രസരണ കോറിഡോർ ഉറപ്പുവരുത്താനാകാത്തതും ഊർജ്ജപ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് സഹായിക്കുന്ന കൂടങ്കുളം-എടമൺ-കൊച്ചി പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുന്നതിൽ കേരളാ ഗവൺമെന്റ് അനാസ്ഥ കാണിക്കുന്നതായി കേന്ദ്ര പൊതുമേഖലാ സ്ഥാപനം ഹൈക്കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. നാഷണൽ ഗ്രിഡിൽനിന്ന് കേരളത്തിന് ലഭിക്കേണ്ട പ്രസരണ ലൈൻ തമിഴ്നാട് സ്വന്തമാക്കിയിരിക്കുകയാണ്. ചീമേനി, വൈതരണി മുതലായ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളെല്ലാം മുടങ്ങിയിരിക്കുകയാണ്. വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. താരിഫ് ചാർജ്, കണക്ഷൻ ചാർജ്, മീറ്റർ ഷിഫ്റ്റിംഗ് ചാർജ് എന്നിവ വർദ്ധിപ്പിച്ചും ഗാർഹിക ഉപഭോ-

ക്താക്കൾക്ക് ഫിക്സഡ് ചാർജ് ഏർപ്പെടുത്തിയും സർക്കാർ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. താൽക്കാലികമായ വൈദ്യുതി പ്രതിസന്ധിപോലും പരിഹരിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. സ്ഥായിയായ വൈദ്യുതി പ്രതിസന്ധി പരിഹരിച്ച് കേരളത്തെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കാനുള്ള നടപടി സ്വീകരിക്കണം. മൈസൂർ-അഴീക്കോട്, അഴീക്കോട്-തൃശ്ശൂർ-എറണാകുളം-എടമൺ എന്നീ വൈദ്യുതി ലൈനുകൾക്ക് തടസ്സം നിൽക്കുന്ന പ്രശ്നം പരിഹരിച്ച് കൂടംകുളത്തുനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി ലഭ്യമാക്കാൻ നടപടിയുണ്ടാകണം. കേരളത്തിന്റെ വികസന സാധ്യതകളെ പരിപൂർണ്ണതയിലേക്കെത്തിക്കുന്നതിനും തൊഴിൽ മേഖല സംരക്ഷിക്കുന്നതിനും ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഉണ്ടായില്ലെന്ന് പറഞ്ഞത് വസ്തുതകൾക്ക് നിരക്കാത്തതാണ്. 27-06-2008 മുതൽ 12-06-2009 വരെയുള്ള ഒരു കൊല്ലം എസ്.എസ്.എൽ.സി. പരീക്ഷയും വിശേഷ ദിവസങ്ങളുമൊഴികെയുള്ള ദിവസങ്ങളിൽ അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു. ഇതിനുപുറമെ ഡൊമസ്റ്റിക് കൺസ്യൂമേഴ്സിനും വ്യവസായങ്ങൾക്കും സർച്ചാർജ് ഏർപ്പെടുത്തുകയും ചെയ്തിരുന്നു. കഴിഞ്ഞ സർക്കാർ ചെലവാക്കിയതിനേക്കാൾ ഇരട്ടി പണം മുടക്കി ഈ സർക്കാർ കായംകുളം താപ വൈദ്യുത നിലയത്തിൽനിന്ന്

വൈദ്യുതി വാങ്ങി. എടമൺ-കൊച്ചി ലൈൻ കൊണ്ടുവരുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി ചർച്ചകൾ നടത്തിയിട്ടും തീരുമാനമെടുക്കാൻ കഴിഞ്ഞില്ലെന്ന വസ്തുത പ്രതിപക്ഷം അംഗീകരിക്കണം. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് മുഖ്യമന്ത്രി കൂടുതൽ ഉത്തരവാദിത്വ ബോധത്തോടുകൂടി പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിന് വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ പ്രസരണ കോറിഡോർ തമിഴ്നാടിന് നൽകിയതിനെതിരെ സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ സർക്കാർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേരളത്തിൽ വൈദ്യുതി ഉല്പാദനത്തിനുള്ള സൗകര്യം കുറവായതുകൊണ്ടാണ് അന്യസംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി വാങ്ങേണ്ടി വരുന്നത്. വൈദ്യുത രംഗത്ത് കമ്മി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയാണ് വൈദ്യുതി വാങ്ങുന്നതിനുള്ള ടെൻഡർ വിളിക്കുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി വാങ്ങാതിരുന്നാൽ കേരളം ഇരുട്ടിലേക്ക് പോകുന്ന അവസ്ഥ സംജാതമാകും. പള്ളിവാസൽ പദ്ധതിയുടെ അലൈൻമെന്റ് കറക്റ്റ് ചെയ്യിക്കാനുള്ള ശ്രമം എൻ.എച്ച്.പി.സി.യുമായി ബന്ധപ്പെട്ട് നടത്തിവരികയാണ്. പ്രാദേശിക പ്രശ്നംമൂലമാണ് ചീമേനി പ്ലാന്റ് സ്ഥാപിക്കാൻ കഴിയാതിരുന്നത്. പതിനായിരക്കണക്കിന് ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും പ്ലാന്റുകൾ വിജയകരമായി പ്രവർത്തിക്കുന്നുണ്ടെന്ന വസ്തുത മുന്നിൽക്കണ്ട് ചീമേനിയിൽ പ്ലാന്റ് സ്ഥാപിക്കാൻ കഴിഞ്ഞാൽ

വൈദ്യുതിക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളെക്കൂടി ബോധ്യപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരുടെയും സഹായസഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) വയനാട്ടിലെ കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: വയനാട് ജില്ലയിലെ വൈത്തിരി

താലൂക്കിൽ എച്ച്.എം.എൽ. ഭൂമിയുമായി ബന്ധപ്പെട്ട കർഷകരുടെ ഭൂനികുതി സ്വീകരിക്കുന്നതും പട്ടയം നൽകുന്നതും ലാന്റ് റിസംപ്ഷൻ സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിറുത്തിവച്ചിരിക്കുകയാണ്. രണ്ടായിരത്തിനു ശേഷം കരം സ്വീകരിക്കാത്ത കൈവശക്കാരിൽ നിന്ന് കരം സ്വീകരിക്കണമെന്നും സംക്ത പരിശോധന കഴിഞ്ഞ പ്രദേശങ്ങൾക്ക് പട്ടയം നൽകണമെന്നുമുള്ള മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടില്ല. ഹൈക്കോടതി വിധി കൃത്യമായി പാലിക്കാതെയും നിയമപ്രകാരം നോട്ടീസ് നൽകാതെയും കർഷകരെ ഒഴിപ്പിച്ചിരിക്കുന്നതുമൂലം ധാരാളം കുടുംബങ്ങൾ ദുരിതത്തിലായിരിക്കുകയാണ്. കർഷകരുടെ ഭൂനികുതി സ്വീകരിക്കുന്നതിനും പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> വയനാട് ജില്ലയിലെ കൽപ്പറ്റ മണ്ഡലത്തിലെ വൈത്തിരി താലൂക്കിൽപ്പെട്ട വില്ലേജുകളിൽ 1.1.1977-ന് മുമ്പ് ഭൂമി കൈവശമുള്ള കർഷകരുടെ ഭൂനികുതി സ്വീകരിക്കുന്നതിനും കൈവശ രേഖ നൽകുന്നതിനുമായി റവന്യൂ, സർവ്വേ, വനം വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് ഉത്തരവായിട്ടുണ്ട്. സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത

കയ്യേറ്റക്കാരിൽ അർഹരായവർക്ക് കൈവശരേഖ നൽകാനും രണ്ടായിരത്തിനുശേഷം കരം സ്വീകരിക്കാത്ത അർഹരായ കൈവശക്കാരിൽനിന്ന് കരം സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. വൈത്തിരി താലൂക്കിൽ സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയ റിക്കാർഡ് ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ ഒപ്പിട്ട് നൽകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി പട്ടയം നൽകുന്നതാണ്. വൈത്തിരി താലൂക്കിലെ ഫീൽഡുതല സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് അനധികൃതമായി സർക്കാർ ഭൂമി കൈവശം വയ്ക്കുകയും കൈമാറ്റം നടത്തുകയും ചെയ്യുതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ നിന്നു കിട്ടിയ നിർദ്ദേശമനുസരിച്ചാണ് എച്ച്.എം.എൽ-ന് നോട്ടീസ് നൽകിക്കൊണ്ട് എച്ച്.എം.എൽ-ഉമായി ബന്ധപ്പെട്ട ഭൂമിയുടെ കരം സ്വീകരിക്കുന്നതും പട്ടയം കൊടുക്കുന്നതും താൽക്കാലികമായി നിർത്തിവയ്ക്കാൻ നിർദ്ദേശം കൊടുത്തിട്ടുള്ളത്. ഇതിൽ വന്നിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്ന കാര്യം സംബന്ധിച്ച് ആലോചിക്കുന്നതാണ്.

## (2) ഭക്ഷ്യസുരക്ഷാ ബിൽ

ശ്രീ. സി. ദിവാകരൻ: ഭക്ഷ്യ സുരക്ഷാ ബില്ലിലെ അപാകതകളാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നിലവിലുള്ള എ.പി.എൽ./ ബി.പി.എൽ. വിഭാഗത്തിനു പകരമായി 'ഗ്രാമ പരിഗണന/ നഗര പരിഗണന' എന്നാണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടില്ല. ഈ ബിൽ നടപ്പിലാക്കിയാൽ കേരളത്തിൽ നിലവിലുള്ള റേഷൻ കാർഡുകൾ മുഴുവൻ മാറ്റേണ്ടതായും ഓരോ കുടുംബത്തിനും ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിൽ കുറവ് വരികയും ചെയ്യും. ഈ പദ്ധതി നടപ്പിലാക്കണമെന്നും ഫുഡ് സെക്യൂരിറ്റി അലവൻസ്, ഗർഭിണികൾക്കുള്ള അലവൻസ്, കുട്ടികൾക്ക് പോഷകാഹാരം എന്നിവ സംസ്ഥാന ഗവൺമെന്റ് നൽകണമെന്നുമുള്ള വ്യവസ്ഥ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭാരം വർദ്ധിപ്പിക്കും. ഈ നിയമം നടപ്പിലാക്കുന്നതിന് കമ്മീഷണറേറ്റ് ഉൾപ്പെടെ പുതിയ എസ്റ്റാബ്ലിഷ്മെന്റും മോണിറ്ററിംഗ് കമ്മിറ്റികളും സംസ്ഥാനത്തിന്റെ ചെലവിൽ ആരംഭിക്കേണ്ടിവരും. ഭക്ഷ്യസുരക്ഷാ ബിൽ നടപ്പിലാകുന്നതോടുകൂടി കേരളത്തിലെ പൊതുവിതരണ സമ്പ്രദായം തകരുകയും ഭൂരിപക്ഷം ജനങ്ങളും റേഷൻ സമ്പ്രദായത്തിന് പുറത്താകുകയും ചെയ്യും. ഈ വിഷയം ഗൗരവമായി പരിശോധിക്കുകയും സർവ്വകക്ഷിയോഗം വിളിച്ച് ചർച്ച ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും വേണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയിട്ടുള്ളത്. ഈ നിയമം നടപ്പിലാകുന്നതോടുകൂടി സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രസക്തി നഷ്ടപ്പെടുമെന്ന പ്രസ്താവന അടിസ്ഥാനരഹിതമാണ്. പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനമെന്ന നിലയ്ക്കാണ് പുതിയ കമ്മീഷണറേറ്റ് രൂപീകരിക്കുന്നത്. റേഷൻ കാർഡുകൾ പുതുക്കാൻ സമയമായതിനാൽ കുടുംബനാഥയുടെ പേരിൽ പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിന് ബുദ്ധിമുട്ടില്ല. ഈ നിയമം നടപ്പിലാക്കുന്നതുമൂലം റേഷൻ വിഹിതത്തിൽ കുറവ് സംഭവിക്കുന്നതല്ല. 13-09-2013-ലാണ് പാർലമെന്റ് ഭക്ഷ്യ സുരക്ഷാ നിയമം പാസ്സാക്കിയത്. 2014 ജൂലൈ-5 മുതലാണ് നിയമം നടപ്പിലാക്കാനുള്ള സമയപരിധി നിശ്ചയിച്ചിരിക്കുന്നതെങ്കിലും സംസ്ഥാനത്ത് നിയമം നടപ്പാക്കുന്നതിന് 10 മാസം കൂടി ആവശ്യപ്പെട്ടിരിക്കുകയാണ്. നിയമം നിലവിൽ വരുമ്പോൾ റേഷനിംഗ് സിസ്റ്റത്തിൽ നിന്ന് ആരും പുറത്താകുകയില്ല. ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വരുമ്പോൾ 154 ലക്ഷം ആളുകൾ മുൻഗണനാ വിഭാഗത്തിലാകുകയും ആളൊന്നിന് 5 കിലോഗ്രാം ഭക്ഷ്യധാന്യം ലഭിക്കുകയും ചെയ്യും. 14 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് കേന്ദ്ര ഗവൺമെന്റ്

അനുവദിച്ചിട്ടുള്ളത്. അത് 16 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അധികമായി ആവശ്യപ്പെട്ട ഭക്ഷ്യധാന്യം അനുവദിച്ചാൽ നോൺ പ്രയോറിറ്റിയിലുള്ളവർക്ക് കാർഡ് ഒന്നിന് 13 കിലോ ഭക്ഷ്യധാന്യം ലഭിക്കും. നിയമം നടപ്പിലാകുമ്പോൾ നിലവിലുള്ളതിനേക്കാൾ കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. ഇക്കാര്യത്തിലുള്ള ആശങ്കകൾ പരിഹരിക്കുന്നതാണ്.

**<u>ശ്രീമതി ജമീലാ പ്രകാശം 11-06-2014-ന് മേശപ്പുറത്തുവച്ച റിപ്പോർട്ടിനുള്ള മറുപടി</u>**

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി)</u> : കേന്ദ്ര ജലകമ്മീഷൻ പ്രസിദ്ധീകരിക്കുന്ന National Register of Large Dams (NRLD)-ൽ കേരളത്തിൽ സ്ഥിതി ചെയ്യുന്ന മുല്ലപ്പെരിയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ നാല് ഡാമുകൾ കേരളത്തിന്റെയും തമിഴ്നാടിന്റെയും പട്ടികകളിൽ ചേർത്താണ് കാലാകാലങ്ങളിൽ അപ്ഗ്രഡേഷൻ നടത്തിയിരുന്നത്. 2009-ൽ കേന്ദ്ര ജല കമ്മീഷൻ പ്രസിദ്ധികരിച്ച NRLD ലിസ്റ്റിൽ കേരളത്തിന്റെ പട്ടികയിൽ പ്രസ്തുത ഡാമുകൾ ഉൾപ്പെടുത്താതെ തമിഴ്നാടിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത പട്ടികയിലെ ഫുട്ട്നോട്ടായി Mullaperiyar Dam located in Kerala but controlled by Tamilnadu എന്ന് ചേർക്കുകയും ചെയ്തു. 07-5-2012-ലെ കത്തിലൂടെ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.)യും 19-07-2012-ലെ

കത്തിലൂടെ കേരള ഗവൺമെന്റും പ്രസ്തുത ഡാമുകൾ കേരളത്തിലാണെന്നും NRLD List-2009 -ൽ വേണ്ട തിരുത്തലുകൾ നടത്തണമെന്നും കേന്ദ്ര ജല കമ്മീഷനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 7-11-2012-ൽ പ്രസിദ്ധീകരിച്ച NRLD ലിസ്റ്റിൽ 4 ഡാമുകൾ കേരളത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി. എന്നാൽ 27-12-13-ൽ ചേർന്ന എൻ.സി.ഡി.എസ്. യോഗത്തിൽ നാല് ഡാമുകളും owned, operated and maintained by Tamilnadu എന്ന് ചേർക്കണമെന്ന തമിഴ്നാടിന്റെ ആവശ്യം സ്വീകരിച്ചതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് നടത്തിയ അപ്ഗ്രഡേഷനിലും തമിഴ്നാടിന്റെ പട്ടികയ്ക്ക് താഴെ അടിക്കുറിപ്പിൽ 4 Dams namely Mullaperiyar, Thunakadavu, Parambikulam, Peruvarippallam are located in Kerala State and are operated and maintained by Tamilnadu PWD എന്നാണ് ചേർത്തിരിക്കുന്നത്. 'Owned' എന്ന പദം അടിക്കുറിപ്പിൽ ചേർത്തിട്ടില്ലെന്നുമാത്രമല്ല ഇവ തമിഴ്നാടിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. 27-12-2013-ലെ NCDS യോഗത്തിന്റെ മിനിറ്റ്സ് 31-01-2014-ൽ ലഭിച്ചപ്പോൾത്തന്നെ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി) -ഉം സംസ്ഥാന ഗവൺമെന്റും തമിഴ്നാടിന്റെ ആവശ്യപ്രകാരം രേഖപ്പെടുത്തിയ ഫുട്ട്നോട്ട് നീക്കം ചെയ്യണമെന്നും ഈ ഡാമുകളുടെ ഉടമസ്ഥാവകാശം കേരളത്തിനാണെന്നും കേന്ദ്ര ജല കമ്മീഷനെ അറിയിക്കുകയുണ്ടായി. മിനിറ്റ്സിലെ പരാമർശങ്ങളെ കേരളം എതിർത്തിട്ടുണ്ട്.

അടുത്ത മീറ്റിംഗിൽ കേരളത്തിന്റെ എതിർപ്പ് കമ്മിറ്റി മുമ്പാകെ ശക്തമായി ഉന്നയിക്കുന്നതാണ്. കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ വീഴ്ചയുണ്ടാകില്ല.

ശ്രീമതി ജമീലാ പ്രകാശം : നാല് ഡാമുകളെ കേരളത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത യോഗത്തിൽ തീരുമാനമുണ്ടായെങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : വെബ്സൈറ്റിൽ നാല് ഡാമുകളും സംസ്ഥാനത്തിന്റേതായി തന്നെയാണ് കാണുന്നത്. അതിൽ 'owned' എന്ന പദപ്രയോഗമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : ഇതുസംബന്ധിച്ച യോഗത്തിൽ കേരളത്തിന്റെ പ്രതിനിധി എന്തുകൊണ്ട് പ്രതികരിച്ചില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : അജണ്ടയിൽ ഉൾപ്പെടുത്താതെ വാക്കാൽ പറഞ്ഞ കാര്യങ്ങൾ മിനിട്ട്സിൽ രേഖപ്പെടുത്തുകയാണ് ചെയ്തത്. യോഗത്തിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധി കൂടുതൽ ജാഗ്രത പുലർത്തേണ്ടതായിരുന്നു. ഈ വിഷയം ശ്രദ്ധയിൽപ്പെട്ട ഉടൻ തിരുത്താനായി കത്ത് നൽകി. ഇതുസംബന്ധിച്ച മുഴുവൻ രേഖകളും സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

(മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റ് വിട്ട് സ്പീക്കറുടെ ഡയസ്സിനു മുമ്പിൽ വന്നുനിന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

## സബ്മിഷൻ

### (1) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. പി. ഉബൈദുള്ള : മലപ്പുറം നിയോജക മണ്ഡലത്തിലെ പുൽപ്പറ്റ പഞ്ചായത്തിലെ പൂക്കളത്തൂർ ആസ്ഥാനമായി കെ.എസ്.ഇ.ബി.-യുടെ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : ഇരുപത്തിഅയ്യായിരം കൺസ്യൂമേഴ്സും അമ്പത് സ്ക്വയർ കി. മീ.-ൽ കൂടുതൽ ദൂരവും അല്ലെങ്കിൽ ഇരുപതിനായിരം കൺസ്യൂമേഴ്സും നൂറ് സ്ക്വയർ കി. മീ.-ൽ കൂടുതൽ ദൂരവുമുണ്ടെങ്കിൽ മാത്രമേ നിലവിലുള്ള നോംസ് അനുസരിച്ച് പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുകയുള്ളൂ. നോംസ് പുന:പരിശോധിക്കുന്ന സന്ദർഭത്തിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

### (2) താൽക്കാലിക റെയിൽവേ ലെവൽ ക്രോസ്

ശ്രീ. കെ. എം. ഷാജി ; കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി-പിലാത്തറ സ്റ്റേറ്റ് ഹൈവേയിലെ പാപ്പിനിശ്ശേരി റെയിൽവേ ഗേറ്റിന് താൽക്കാലിക ലെവൽക്രോസ്

അനുവദിക്കാൻ നടപടി സ്വീകരിക്കണം.

(പ്രതിപക്ഷാംഗങ്ങളുടെ ബഹളത്തെത്തുടർന്ന് രാവിലെ 11.15-ന് നിറുത്തിവച്ച സഭ ഉച്ചയ്ക്കുശേഷം 12.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു.)

**റൂളിംഗ്**

മി. സ്പീക്കർ: ഇന്ന് സഭയിൽ ഉയർന്നുവന്ന പ്രശ്നം മുഖ്യമന്ത്രിയുമായും കക്ഷിനേതാക്കളുമായും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി സഭയിൽ പറഞ്ഞ കാര്യങ്ങളുടെ രേഖകൾ മേശപ്പുറത്ത് വയ്ക്കുന്നതാണ്. അതിൽ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ജലവിഭവം സംബന്ധിച്ച മൂന്നാം നമ്പർ വിഷയ നിർണ്ണയ സമിതിയെ ചുമതലപ്പെടുത്തുന്നതിനും ശ്രീമതി ജമീല പ്രകാശത്തിനെ സമിതിയിലെ പ്രത്യേക ക്ഷണിതാവാക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

(രേഖകളുടെ പകർപ്പ് മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്ത് വച്ചു. ബാക്കിയുള്ള സബ്മിഷനുകളുടെ ഉത്തരങ്ങൾ മന്ത്രിമാർ അംഗങ്ങൾക്ക് എത്തിച്ചുകൊടുക്കണമെന്ന് സ്പീക്കർ അഭ്യർത്ഥിച്ചു.)

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### 1) 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

## ക്രമപ്രശ്നം

### ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകതകൾ

ശ്രീ. വി. ശിവൻകുട്ടി: ഈ ബില്ലിലെ മൂന്നാം ഖണ്ഡത്തിലെ ഭേദഗതി മുഖേന സംയോജനത്തിനും പുന:സംഘടനയ്ക്കും ഗ്രാമപഞ്ചായത്തുകൾക്ക് നിലവിലുള്ള

അധികാരം ബ്ലോക്ക് പഞ്ചായത്തുകൾക്കുകൂടി നൽകുന്നതിന് നിർദ്ദേശിക്കുകയാണ്. ഇത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ അക്കാര്യം ധനകാര്യ മെമ്മോറാണ്ടത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ നാലാം വകുപ്പുപ്രകാരം ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുന്നതിനും കുറയ്ക്കുന്നതിനുമുള്ള സർക്കാരിന്റെ അധികാരം ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ കൂടി നൽകുന്നതിനാണ് ബില്ലിലെ മൂന്നാം ഖണ്ഡത്തിലെ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കാത്തതിനാൽ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നില്ല. അതിനാൽ ധനകാര്യ മെമ്മോറാണ്ടത്തിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: സഞ്ചിതനിധിയിൽ നിന്നും ചെലവൊന്നും പ്രതീക്ഷിക്കുന്നില്ല എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസായ പ്രദേശങ്ങൾക്ക് ബാധകമാകുന്നതല്ല എന്നുള്ള വ്യവസ്ഥ അത്തരം പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനുള്ള പഞ്ചായത്തിന്റെ അധികാരത്തെ ദോഷകരമായി ബാധിക്കുന്നത് ഒഴിവാക്കുക; ഗ്രാമപഞ്ചായത്തുകളുടെ സംയോജനം, പുന:സംഘടന എന്നിവയ്ക്കുള്ള വ്യവസ്ഥ ബ്ലോക്ക് പഞ്ചായത്തുകൾക്കുകൂടി ബാധകമാക്കുക; നിയോജക മണ്ഡലങ്ങളുടെ അതിർത്തിനിർണ്ണയം സംബന്ധിച്ച ഡിലിമിറ്റേഷൻ കമ്മീഷൻ ഉത്തരവുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുക; പഞ്ചായത്ത് പ്രസിഡന്റോ വൈസ് പ്രസിഡന്റോ സ്ഥാനമൊഴിയുമ്പോൾ നിയന്ത്രണത്തിലുള്ള രേഖകളും പണവും മറ്റു വസ്തുക്കളും പിൻഗാമിക്ക് കൈമാറിയില്ലെങ്കിൽ പിഴശിക്ഷ ഏർപ്പെടുത്തുക; മാലിന്യസംസ്കരണം; കെട്ടിടനിർമ്മാണങ്ങളുടെ ക്രമവൽക്കരിക്കാത്തതുമൂലമുള്ള നികുതി നഷ്ടമൊഴിവാക്കൽ എന്നിവ സംബന്ധിച്ച ഭേദഗതികൾ അനിവാര്യമായതുകൊണ്ടാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. ബാബു എം. പാലിശ്ശേരി: I move that- "This House resolves to

disapprove The Kerala Panchayat Raj (Amendment) Ordinance, 2014 (Ordinance No. 6 of 2014)". ഭരണഘടനാഭേദഗതിക്ക് ശേഷം അധികാര വികേന്ദ്രീകരണം ശ്രദ്ധേയമായും വ്യത്യസ്തമായും നടപ്പിലാക്കിയത് കേരളത്തിലാണ്. പക്ഷേ, വികേന്ദ്രീകരണം എല്ലാ അർത്ഥത്തിലും മുന്നോട്ടുകൊണ്ടുപോകുന്നതിൽ നമ്മൾ പരാജയപ്പെട്ടു. ജില്ലാ വികസന സമിതിയെ ഉദ്യോഗതല സംവിധാനമാക്കി തരംതാഴ്ത്തുന്നതിനാണ് ഇൗ സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാന ബഡ്ജറ്റിൽ നിന്ന് അർഹമായ വിഹിതം പഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ല. ലഭിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം. പഞ്ചായത്ത് വകുപ്പിനെ വിഭജിച്ച നടപടി ഭരണപരമായ വീഴ്ചയാണ്. വർഷാന്ത്യത്തിൽ പാസ്സാക്കിയെടുക്കുന്ന പദ്ധതികളൊന്നും ഫലപ്രദമായി നടപ്പാക്കാൻ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ നൽകുവാൻ പഞ്ചായത്തുകളെ പര്യാപ്തമാക്കണം. പാവപ്പെട്ട ജനങ്ങളെ സഹായിക്കാൻ വേണ്ടിയെന്ന പേരിൽ കൊണ്ടുവരുന്ന ഈ ഭേദഗതിയിലൂടെ അനധികൃത കെട്ടിടങ്ങൾ നിയമവിധേയമാക്കിയാൽ അതിന്റെ ഗുണഫലം ലഭിക്കുന്നത് വൻകിടക്കാർക്കാണ്. നഗരസഭകൾ നേരിടുന്ന പ്രധാന പ്രശ്നമായ മാലിന്യ നിർമ്മാർജ്ജനം പരിഹരിക്കുന്നതിന് യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. മാലിന്യ സംസ്കരണത്തിനുവേണ്ടി അനുവദിച്ച

പണവും ലൈബ്രറി സെസ്സും വകമാറ്റി ചെലവഴിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. വരും വർഷങ്ങളിൽ കേരളത്തിലെ ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നമാകാൻ സാധ്യതയുള്ള ഇ-മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് കൂട്ടായി ചർച്ച ചെയ്ത് തീരുമാനമെടുക്കണം. തുടരെയുള്ള പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. റോഡുകളിൽ സ്ഥാപിക്കുന്ന ഫ്ലക്സ് ബോർഡുകൾക്ക് നിശ്ചിത ശതമാനം നികുതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് എല്ലാ രാഷ്ട്രീയപ്പാർട്ടികളുമായി കൂടിയാലോചിക്കണം.

<u>ശ്രീ. കെ. രാജു</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. പഞ്ചായത്ത് രാജ് സംവിധാനം ശക്തിപ്പെടുത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നതിനും അവയുടെ കണക്കുകൾ പരിശോധിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സംവിധാനമുണ്ടാക്കണം. ജനകീയാസൂത്രണ പദ്ധതിയിലെ മേഖലാ നിർദ്ദേശങ്ങൾ ഒഴിവാക്കിയതിലൂടെ ഈ സർക്കാർ സെക്ടറൽ അലോക്കേഷൻ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഇത് ഉല്പാദനമേഖലയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ തദ്ദേശഭരണ മേഖലയുടെ മൊത്തം വികസനത്തിനായി ഫണ്ട് വിനിയോഗിക്കാനുള്ള നിർദ്ദേശങ്ങൾ കൊണ്ടുവരണം.

മറ്റ് വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരെ പഞ്ചായത്തുകളിൽ ഡിപ്ലോയ് ചെയ്ത് എഞ്ചിനീയറിംഗ് സംവിധാനത്തെ ശക്തിപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. പഞ്ചായത്തുകൾ വിഭജിക്കുന്നതും പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതും വാർഡ് വിഭജനം നടത്തുന്നതും കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. ഗ്രാമസഭകൾ ശക്തിപ്പെടുത്തുകയും എല്ലാ വാർഡുകളിലും സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. പദ്ധതി നിർവ്വഹണത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുകയും കാലതാമസം ഒഴിവാക്കുകയും ചെയ്യണം. ക്രമവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങൾ റഗുലറൈസ് ചെയ്യുന്നത് ശരിയല്ല.

<u>ശ്രീ. കെ. എൻ. എ. ഖാദർ :</u> 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-08-2014-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയം സംബന്ധിച്ചും പ്രവാസി ഭാരതീയർക്ക് വോട്ടർപ്പട്ടികയിൽ പേര് ചേർക്കുന്നതു സംബന്ധിച്ചും അംഗനവാടി ജീവനക്കാർക്കും ബാലവാടി ജീവനക്കാർക്കും ആശാവർക്കർമാർക്കും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ നേരിട്ടിരുന്ന

തടസ്സം നീക്കുന്നതു സംബന്ധിച്ചും കൊണ്ടുവന്നിരിക്കുന്ന ഭേദഗതികളെ സ്വാഗതം ചെയ്യുന്നു. ആറുമാസത്തിനുള്ളിൽ വിവിധ തലങ്ങളിലെ പഞ്ചായത്തുകളിലേയ്ക്ക് ഒരേസമയം പൊതുതെരഞ്ഞെടുപ്പ് ആവശ്യമായി വന്നാൽ അത് സാദ്ധ്യമാക്കുന്ന തരത്തിലുള്ള ഭേദഗതി കൊണ്ടുവന്നത് നല്ലതാണ്. പഞ്ചായത്തു പ്രസിഡന്റുമാരോ വൈസ് പ്രസിഡന്റുമാരോ അധികാരം വിട്ടൊഴിയുമ്പോൾ അവരുടെ കൈവശമുള്ള രേഖകളോ പണമോ മറ്റു വസ്തുക്കളോ ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറണമെന്നും അല്ലെങ്കിൽ പതിനായിരം രൂപയിൽ കവിയാത്ത പിഴശിക്ഷ വിധിക്കുന്നതുമായ ഭേദഗതിയും മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കണമെന്ന ഭേദഗതിയും സ്വാഗതാർഹമാണ്. ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് പദ്ധതിയുണ്ടാക്കാനും അവരുടെ ആവശ്യങ്ങൾ കണ്ടെത്താനുമുള്ള സമ്പൂർണ്ണമായ സ്വാതന്ത്ര്യം ത്രിതല പഞ്ചായത്തുകൾക്ക് നൽകണം. വിദ്യാഭ്യാസ രംഗത്ത് വലിയ വിപ്ലവം സൃഷ്ടിക്കുവാൻ സാധ്യമാകത്തക്ക രീതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് സ്വാതന്ത്ര്യം നൽകണം. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് നികുതി പിരിക്കാനുള്ള അധികാരം നൽകണം. പഞ്ചായത്തുകൾക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പഞ്ചായത്തുകൾക്കുതന്നെ വിട്ടുകൊടുക്കണം. ജനങ്ങളുടെ കായികവും

കലാപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ എല്ലാ പഞ്ചായത്തുകളിലും ഉണ്ടാക്കണം. ജാതി-മത-രാഷ്ട്രീയ ചിന്തകൾക്കതീതമായി വികസനരംഗങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാൻ സാധിക്കത്തക്ക രീതിയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഉദ്ഗ്രഥന സമിതി രൂപീകരിക്കണം. ഊർജ്ജ പ്രതിസന്ധി നേരിടുന്നതിന് ഗ്രാമങ്ങളിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കണം. ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മാറ്റം സൃഷ്ടിക്കുന്നതിനും ഈ ഭേദഗതി സഹായകരമാകുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: 2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നാട്ടിൽ ഉണ്ടായിട്ടുള്ള പുതിയ അവബോധത്തിന്റെയും ഭൗതിക സാഹചര്യങ്ങളിൽ വന്ന മാറ്റങ്ങളുടെയും ചുണ്ടുപലകയായിട്ടാണ് ഈ ഭേദഗതി നിയമത്തിൽ മാലിന്യസംസ്കരണത്തെ സംബന്ധിച്ചുള്ള വകുപ്പ് ചേർത്തിരിക്കുന്നത്. മാലിന്യപ്രശ്നം രൂക്ഷമായ സാഹചര്യത്തിലാണ് 1999-ൽ നിയമം ഭേദഗതി ചെയ്ത് മാലിന്യസംസ്കരണം പഞ്ചായത്തിന്റെ ഉത്തരവാദിത്തമായി മാറ്റിയത്. മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കാരിക്കാനുള്ള വ്യവസ്ഥ

സദുദ്ദേശത്തോടെയാണ് കൊണ്ടുവന്നിട്ടുള്ളതെങ്കിലും മാലിന്യത്തിന്റെ വേർതിരിക്കൽ ഇല്ലാതെ ഒരു തരത്തിലുള്ള സംസ്കരണവും സാധ്യമല്ല. 400 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകളിൽ മാലിന്യം വേർതിരിച്ചാൽ മതിയെന്ന വ്യവസ്ഥ തെറ്റാണ്. ബില്ലിൽ ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കുന്നതും വീടിനുള്ളിൽ സംസ്കരിക്കേണ്ടത് എങ്ങനെയെന്നും വ്യക്തമാക്കണം. കമ്പോസ്റ്റ് ഉണ്ടാക്കലും ലാൻറ് ഫില്ലിംഗും നേരത്തെയുള്ള നിയമത്തിൽ പരാമർശിച്ചിട്ടുണ്ട്. നിരന്തരമുണ്ടാകുന്ന കേടുപാടുകൾക്ക് പരിഹാരം കാണാത്തതിനാലാണ് ബയോഗ്യാസ് പ്ലാന്റ് പദ്ധതി പരാജയപ്പെട്ടത്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായി നൂറ് ബയോ ഗ്യാസ് പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾക്ക് ഒരാൾ എന്ന അനുപാതത്തിൽ നിയോഗിക്കണമെന്ന വ്യവസ്ഥ ഈ ബില്ലിൽ കൂട്ടിച്ചേർക്കണം. മാലിന്യങ്ങൾ വെള്ളത്തിൽ ഒഴുക്കിവിടരുതെന്ന് പ്രതിപാദിക്കുമ്പോഴും അവ എന്ത് ചെയ്യണമെന്ന കാര്യത്തിൽ മൗനം പാലിച്ചിരിക്കുകയാണ്. എല്ലാ പഞ്ചായത്തിലും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം. പൊതു ബയോഗ്യാസ് പ്ലാന്റുകളും എയറോബിക് പ്ലാന്റുകളും സ്ഥാപിച്ച് അവ പരിപാലിക്കാനുള്ള ഉത്തരവാദിത്തം പഞ്ചായത്തുകളെ ഏൽപ്പിക്കണം. പ്ലാസ്റ്റിക് സഞ്ചികൾക്കും കവറുകൾക്കും കുറഞ്ഞ വില നിശ്ചയിക്കുന്നതിനുപകരം പ്ലാസ്റ്റിക് നിരോധിക്കുക എന്നതാണ് കരണീയമായ മാർഗ്ഗം. പ്ലാസ്റ്റിക് ബാഗുകൾ ഉപയോഗിക്കുന്നവരിൽനിന്നും

നിശ്ചിത ഫീസ് ഈടാക്കാൻ പഞ്ചായത്തിന് അധികാരം നൽകുന്നതോടൊപ്പം ബദൽ പാക്കേജിംഗ് മെറ്റീരിയൽ ലഭ്യമാക്കാനുള്ള വ്യവസ്ഥയും നിയമത്തിൽ ചേർക്കണം. ഇ-വേസ്റ്റുകൾ കരാറുകാരൻ ഡിസ്പോസ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കുന്നതോടൊപ്പം അനുസംബന്ധിച്ച് നിബന്ധനകൾ നിഷ്കർഷിക്കാനുള്ള അധികാരം പഞ്ചായത്തിന് നൽകേണ്ടതാണ്. അക്കാര്യത്തിൽ മുൻകാലങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ പരിശോധിച്ച് സമഗ്രമായ നിലയിൽ പുതിയ വകുപ്പ് ചേർക്കണം. മാലിന്യനിർമ്മാർജ്ജന ഫണ്ടിലേയ്ക്ക് ഈടാക്കുന്ന പിഴയ്ക്ക് തുല്യമായിട്ടുള്ള ഗ്രാന്റ് സർക്കാർ നൽകണമെന്ന രീതിൽ മാറ്റം വരുത്തണം. പദ്ധതി നടത്തിപ്പിനുള്ള തുക ട്രഷറി അക്കൗണ്ടിൽനിന്നും പിൻവലിച്ച് ചെലവാക്കുന്ന രീതി മാറ്റി ലെറ്റർ ഓഫ് ക്രഡിറ്റ് ഓപ്പൺ ചെയ്യാനുള്ള അനുവാദം കൊടുക്കുന്നത് അഭികാമ്യമല്ല. ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് വഴി ഗവൺമെന്റ് നോട്ടിഫൈ ചെയ്ത് ജില്ലാ പ്ലാനുകൾ ഉണ്ടാക്കാനുള്ള ശ്രമം നടക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്. അംഗനവാടി ജീവനക്കാരെക്കൂടി ജീവനക്കാരായി കണക്കാക്കി അവർക്ക് പഞ്ചായത്തിൽനിന്ന് ഓണറേറിയം കൊടുക്കുന്ന രീതി ഉണ്ടാകണം. അനധികൃത കെട്ടിട നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിന് കൃത്യമായ മാനദണ്ഡങ്ങളും സംവിധാനങ്ങളും

ഉണ്ടാകണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): അനധികൃത കെട്ടിട നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. ബില്ലിൽ പറഞ്ഞിരിക്കുന്ന തീയതിക്ക് മുൻപ് നിർമ്മിച്ച എല്ലാ കെട്ടിടങ്ങളുടെയും ഡീറ്റെയിൽസ് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അനധികൃത കെട്ടിട നിർമ്മാണം ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടി പീനലൈസ് ചെയ്യുന്ന ഒരു വകുപ്പ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വാർഡ് വിഭജിക്കുകയുള്ളൂ. പഞ്ചായത്തുകളെ മോഡൽ പഞ്ചായത്തുകളാക്കിയെടുത്താണ് ശുചിത്വമിഷന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണം നടത്തുന്നത്. അഞ്ച് പഞ്ചായത്തുകളിൽ അറവുശാലകൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടിയെടുക്കുകയും ലിക്വിഡ് വേസ്റ്റും സോളിഡ് വേസ്റ്റും ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് മോഡൽ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ബ്രഹ്മപുരത്ത് സെപ്റ്റേജുമായി ബന്ധപ്പെട്ട് ഒരു മോഡൽ പ്ലാൻ ചെയ്തുകൊണ്ടിരിക്കുകയാണ്. ശുചിത്വമിഷനെ റീവാമ്പ് ചെയ്തുകൊണ്ട് എല്ലാ സ്ഥലത്തേയ്ക്കും അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്.

പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റുകൾ, ഗ്രാന്യൂൾ മേക്കിംഗ് യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചുകൊണ്ട് പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യുന്ന പ്രോസസ് നടന്നുകൊണ്ടിരിക്കുകയാണ്. ഇ-വേസ്റ്റ് പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതാണ്. പഞ്ചായത്തുകളുടെ ഡെവലപ്യൂഷൻ ഇൻഡക്സ് മെച്ചപ്പെടുത്തുന്ന കാര്യത്തിൽ സമന്വയമുണ്ടാകണം. വരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പൂർണ്ണമായും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ നടപ്പിലാക്കും. പഞ്ചായത്തുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്വരാജ് ഭവന്റെ പണി പൂർത്തീകരിച്ചുവരുന്നു. ഫ്ലക്സ് ബോർഡുകളുടെ പ്രദർശനം പരമാവധി കുറയ്ക്കുന്നതിൽ കൺസൻസസ് ഉണ്ടാകേണ്ടതുണ്ട്. അധികാരവികേന്ദ്രീകരണം സമ്പൂർണ്ണമാക്കുന്നതിന് കൂടുതൽ ശ്രമങ്ങൾ നടത്തുന്നതാണ്.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2014-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

## 2) 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്ത് അഴിമതി തടയുന്നതിനും സംശുദ്ധമായ ഭരണം

വാർത്തെടുക്കുന്നതിനും 1999-ൽ വന്ന ലോക് ആയുക്ത നിയമം പര്യാപ്തമാണ്. ലോക് ആയുക്ത ജീവനക്കാർക്ക് വേണ്ടിയുള്ള സ്പെഷ്യൽ റൂൾസ് ഫ്രെയിം ചെയ്യുന്നതിനായി ലോക് ആയുക്തയെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഭാഗമാക്കി മാറ്റുന്നതിനും ഉചിതമായ നിയമനിർമ്മാണത്തിലൂടെ ലോക് ആയുക്തയിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച കൂടുതൽ ചുമതലകൾ പബ്ലിക് സർവ്വീസ് കമ്മീഷന് നൽകുന്നതിനുമാണ് ഈ നിയമനിർമ്മാണം. ലോക് ആയുക്തയിലെ തസ്തികകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കോ-ടെർമിനസ് വ്യവസ്ഥയിലുമാണ് ഇപ്പോൾ നികത്തപ്പെടുന്നത്. ഫലപ്രദമായ രീതിയിൽ ലോക് ആയുക്തയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നുണ്ട്. ലോക് അയുക്ത നിയമത്തിൽ പരിഷ്കരണം ആവശ്യമുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിയമിച്ച റിട്ടയേർഡ് ജസ്റ്റിസ് കെ.പി. ബാലചന്ദ്രൻ കമ്മിറ്റി ശുപാർശകളും ലോക്പാൽ നിയമ വ്യവസ്ഥകളും പരിശോധിച്ചുവരുന്നു. രാജ്യത്ത് അഴിമതി തടയുകയും പൊതുജീവിതം സംശുദ്ധമാക്കുകയും വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ പരാതികൾക്ക് പരിഹാരമുണ്ടാക്കുകയുമാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീ. ബെന്നി ബെഹനാൻ: 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

(ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-07-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1999-ൽ പാസ്സാക്കിയ നിയമത്തിൽ ഒട്ടേറെ പോരായ്മകളുണ്ടായിരുന്നു. മുഖ്യമന്ത്രി, മന്ത്രിമാർ, നിയമസഭാംഗങ്ങൾ, സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ഗവൺമെന്റ് കമ്പനികളിലെയും സർക്കാർ സ്ഥാപിതവും 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം സ്ഥാപിതമായതും 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം സ്ഥാപിതമായതുമായ 120-ഓളം സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, ജീവനക്കാർ, ട്രേഡ് യൂണിയനുകൾ രാഷ്ട്രീയപാർട്ടികൾ, എയ്ഡഡ് സ്കൂൾ, കോളേജുകൾ, സഹകരണ സംഘങ്ങൾ എന്നിവയിലെ അധികാര സ്ഥാനമുള്ളവരും പൊതുസേവകർ എന്ന നിലയിൽ ലോക് ആയുക്തയുടെ പരിധിയിൽ വരുമെന്നും ഈ നിയമപ്രകാരം സ്ഥാപനങ്ങൾ നോട്ടിഫൈ ചെയ്താൽ മാത്രമേ പബ്ലിക് സർവന്റ് എന്ന ഗണത്തിൽ അതിലെ ജീവനക്കാർ വരികയുള്ളുവെന്നും നിയമത്തിലുണ്ടായിരുന്നു. അങ്ങനെ നോട്ടിഫൈ ചെയ്യാത്തതുകൊണ്ട് 117 സ്ഥാപനങ്ങൾ ലോക് ആയുക്തയുടെ കീഴിൽ വന്നില്ല. ആ സ്ഥാപനങ്ങളെക്കൂടി ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കേസുകൾ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനായി കോമ്പിറ്റന്റ്

അതോറിറ്റിക്ക് ശുപാർശ ചെയ്യുന്നതിനുള്ള അധികാരം മാത്രമേ ലോക് ആയുക്തയ്ക്കുള്ളൂ. ഈ നിയമം പരിഷ്കരിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് കെ. പി. ബാലചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവരുടെ പേരിൽ നടപടി സ്വീകരിക്കാനുള്ള അധികാരം ലോക് ആയുക്തയ്ക്കുണ്ടെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിൽ അത് നടപ്പാക്കണം. 2013-ലെ ലോക്പാൽ നിയമം പാസാക്കിയ പശ്ചാത്തലത്തിൽ ലോക് ആയുക്ത നിയമത്തിലും ആവശ്യമായ മാറ്റങ്ങൾ വരുത്തണം. ജീവനക്കാരുടെ നിയമനം പി.എസ്.സി.-യ്ക്ക് വിടുന്നതിനുപുറമേ അഴിമതി തെളിയിക്കപ്പെടുകയാണെങ്കിൽ യുക്തമായ നടപടി സ്വീകരിക്കുന്നതിനുള്ള വകുപ്പുകൂടി ബില്ലിൽ ഉൾപ്പെടുത്തണം.

ശ്രീ. ഇ. കെ. വിജയൻ : 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലോക് ആയുക്തയിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടുന്ന നടപടി സ്വാഗതാർഹമാണ്. സാമൂഹ്യനീതിക്ക് വിരുദ്ധമായ നിയമന നടപടികളാണ് പല സ്ഥാപനങ്ങളിലും നിലവിലുള്ളത്. എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങളിലും സാമൂഹ്യനീതി നിഷേധമാണ് നടന്നുകൊണ്ടിരിക്കുന്നത്. ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട നടപടി ഈ സർക്കാർ പിൻവലിക്കുകയാണ് ചെയ്തത്.

സർക്കാർ സ്ഥാപനങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനും സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടിയുണ്ടാകണം. ലോക്പാൽ നിയമം പാസ്സാക്കിയ സാഹചര്യത്തിൽ ലോകായുക്ത നിയമത്തിലും അനുസൃതമായി മാറ്റങ്ങൾ കൊണ്ടുവരണം. അഴിമതിക്കും വിലക്കയറ്റത്തിനുമെതിരെ രാജ്യമെങ്ങും ജനങ്ങളുടെ പ്രതിരോധം ഉയർന്നുവരുന്നതിനാൽ ജനപ്രതിനിധികൾ, തങ്ങൾ സ്വീകരിക്കുന്ന നിലപാടുകൾ ഏതെങ്കിലും രീതിയിൽ അഴിമതിക്ക് കാരണമാകുന്നുണ്ടോ എന്ന് സ്വയംവിമർശനപരമായി ചിന്തിക്കണം. അഴിമതി തടയുന്നതിന് കുറ്റമറ്റ നിയമനിർമ്മാണമുണ്ടാകണം. ലോകായുക്ത നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതോടൊപ്പം ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനും നടപടിയുണ്ടാകണം.

__ശ്രീ. പി. സി. വിഷ്ണുനാഥ്__: ബില്ലിനെ അനുകൂലിക്കുന്നു. വിവരാവകാശ നിയമം പോലെ അഴിമതി തടയുന്നതിന് സഹായകരമായ നിരവധി നിയമനിർമ്മാണങ്ങൾ കഴിഞ്ഞ കേന്ദ്രസർക്കാർ നടത്തിയിരുന്നു. നിലവിലുള്ള ലോകായുക്ത നിയമം അഴിമതി തടയാൻ പര്യാപ്തമാണോ എന്ന് പരിശോധിക്കണം. കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട അഴിമതിയും ക്രമക്കേടും കണ്ടെത്താൻ ലോകായുക്തയ്ക്ക് കഴിഞ്ഞെങ്കിലും ഉത്തരവാദികൾക്കെതിരെ

നടപടിയെടുക്കുന്നതിന് കഴിയാത്തത് നിയമത്തിലെ പോരായ്മയെയാണ് കാണിക്കുന്നത്. വളരെയധികം അധികാരപരിധിയുള്ള കർണ്ണാടക ലോകായുക്തയ്ക്ക് സമാനമായി കേരള ലോകായുക്തയെയും മാറ്റുന്നതിനുള്ള നടപടിയുണ്ടാകണം.

ശ്രീ. ബി. സത്യൻ: ബില്ലിനെ എതിർക്കുന്നു. ലോക് ആയുക്തയിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്കുള്ളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഈ ബില്ലിലെ വകുപ്പുകളിലുള്ള അവ്യക്തത സംബന്ധിച്ച് പരിശോധിക്കണം. പി.എസ്.സി. തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് ലോക് ആയുക്തയ്ക്ക് സ്വാതന്ത്ര്യം നൽകിയിട്ടില്ല. പൗരന്മാർക്ക് ഭരണഘടനാ പ്രകാരം നൽകേണ്ട സുരക്ഷ കൊടുക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ബില്ലുമായി ബന്ധപ്പെട്ട വിഷയങ്ങളല്ല ഇവിടെ ചർച്ച ചെയ്യുന്നത്. ലോക് ആയുക്തയിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടതുപോലെ കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതം കൈപ്പറ്റി യാതൊരു വിധത്തിലുള്ള സംവരണതത്വവും പാലിക്കാതെ നിയമനം നടത്തുന്ന ആട്ടോണമസ് ബോഡികളിലെ നിയമനങ്ങളും പി.എസ്.സി.ക്ക് വിടണം. പി.എസ്.സി. മുഖേന നടത്തിയിരുന്ന ദേവസ്വം ബോർഡ് നിയമനങ്ങൾ ഈ ഗവൺമെന്റ് നിയമഭേദഗതിയിലൂടെ തിരിച്ചെടുത്തിരിക്കുകയാണ്. മാത്രമല്ല, ഈ സർക്കാർ നിയമനങ്ങൾ പരിമിതപ്പെടുത്തുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): യു.പി.എ. സർക്കാർ പാസ്സാക്കിയ 2013-ലെ ലോക്പാൽ നിയമത്തിന്റെയും ജസ്റ്റിസ് കെ.പി. ബാലചന്ദ്രൻ അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ സമഗ്രമായ ലോക് ആയുക്ത നിയമത്തിന് രൂപം നൽകുന്നതിനെപ്പറ്റി പരിശോധിക്കുന്നതാണ്. സുവോമോട്ടോയായി കേസ്സെടുക്കുന്നതിന് ലോക് ആയുക്തയ്ക്ക് അധികാരം നൽകൽ, സേവനാവകാശം, ഹിയറിംഗിനുള്ള അവകാശം തുടങ്ങിയ സുപ്രധാന ശുപാർശകളടങ്ങിയ റിപ്പോർട്ടാണ് സമിതി സമർപ്പിച്ചിരിക്കുന്നത്. സ്റ്റേറ്റ് വിജിലൻസ് കമ്മീഷനെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അഴിമതി രഹിതവും സംശുദ്ധവുമായ പൊതുജീവിതവും ഉത്തരവാദിത്വമുള്ള ഭരണരംഗവും യാഥാർത്ഥ്യമാക്കാൻ വേണ്ടിയാണ് നിലവിലുള്ള നിയമത്തിലെ അപാകതകൾ പരിഹരിച്ച് ലോക് ആയുക്തയെ ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നത്. സമയബന്ധിതമായി നിയമനങ്ങൾ നടത്തുന്നതിന് പി.എസ്.സി.യെ ശക്തിപ്പെടുത്തേണ്ടതുണ്ട്. പോലീസ് സേനയിലേയ്ക്ക് വാർഷിക നിയമനങ്ങൾ നടത്തണമെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.44-ന് പിരിഞ്ഞു.

**********************